**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**തിരുവനന്തപുരം, നടപടിക്രമം**

---

വിഷയം:- ആവഡ- ജീവനക്കാര്യം -സ്പെഷ്യലിറ്റി കേഡർ -പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. സ.ഉ(സാധാ)നം. 1989/2023/ആ.കു.വ തീയതി 07/8/2023
2. ഒ.എ 972/2024 നം. കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ -ന്റെ 04/7/2023 തീയതിയിലെ ഉത്തരവ്

3. ഒ.എ 1244/2024 നം. കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ -ന്റെ 13/11/2024 തീയതിയിലെ ഉത്തരവ്

**ഉത്തരവ് നം: ആവഡ/17123/2024-ഇ.ബി4 തീയതി:** 02-12-2024

---

പരാമർശം ( 2)ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ -ന്റെ വിധിന്യായം പാലിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം (1)ലെ ഉത്തരവിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. ശിഖ സുഗതനെ ആലപ്പുഴ ജില്ലയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഇനി വരുന്ന ഒഴിവിൽ അനുഭാവ പൂർവ്വം പരിഗണിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

2024 ലെ പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട് ഡോ.ശിഖ സുഗതൻ OA 1244/24 നം.കേസ് ഫയൽ ചെയ്തിരുന്നു.ആയത് പ്രകാരം പരാമർശം(3) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ -ന്റെ വിധിന്യായത്തിൽ Annexure A4 പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കാനും Annexure A12 പ്രകാരമുള്ള അപേക്ഷ പരിഗണിക്കാനും നിർദേശിച്ചിരിക്കുന്നു.

പീഡിയാട്രിക്സ് വിഭാഗം കൺസൽട്ടൻറ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മുഖേന ആലപ്പുഴ ജില്ലയിൽ തുറവൂർ സി.എച്ച്.സി യിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിരിക്കുന്നു.മേൽ സാഹചര്യത്തിൽ പരാമർശം(1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് ഇടുക്കി ജില്ലയിലെ അടിമാലി താലൂക്കാസ്ഥാന ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ശിഖ സുഗതനെ ആലപ്പുഴ ജില്ലയിൽ തുറവൂർ സി.എച്ച്.സി യിലേക്ക് സ്ഥലംമാറ്റി ഉത്തരവാകുന്നു .

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ് .

വിടുതൽ ആർ.ടി.സി യും ജോലിയിൽ പ്രവേശിക്കുന്ന ആർ.ടി .സി യും ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ് .

**Signed by Reena K J**
**Date: 02-12-2024 16:12:29**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ ),തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ /സ്ഥാപന മേധാവികൾ
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്